കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നാവായിക്കുളം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി വി എം /ജി പി.9/403/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം ജില്ല
തീയതി.03.06.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നാവായിക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :നാവായിക്കുളം ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാര നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നാവായിക്കുളം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നാവായിക്കുളം ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

നം കെ എസ് എ റ്റി വി എം /ജി പി .9/403/2020 തീയതി:03.06.2020

## തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-04-2018 മുതൽ 31-03-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ എം ഷാജഹാൻ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24-02-2020 മുതൽ 02-03-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി വാലന്റീന. എം | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി സ്വപ്ന .ആർ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി ലേഖ. എം. എൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.വിനോദ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ശരത്. ജെ. ശങ്കർ | ഓഡിറ്റർ |
| | | ശ്രീ.ശ്യാംകുമാർ.എസ്.ബി | ഓഡിറ്റർ |

### (ബി) നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ തമ്പി | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീമതി സിന്ധു. ആർ. എസ് | 01-04-2018 മുതൽ 20-06-2018 വരെ |

| | | |
|---|---|---|
| | ശ്രീ ആരിഫുദ്ദീൻ. എ | 21-06-2018 മുതൽ 25-07-2018 വരെ |
| | ശ്രീമതി ബിജി ജോസഫ് | 26-07-2018 മുതൽ 03-11-2018 വരെ |
| | ശ്രീ ആരിഫുദ്ദീൻ. എ | 04-11-2018 മുതൽ 11-11-2018 വരെ |
| | ശ്രീ അബ്ദുൽ ജവാദ് | 12-11-2018 മുതൽ 31-03-2019 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. എം. റഹീം | 1-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) | ഡോ. ഷാനിൻ ബാവ | 1-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സ്മിത | 1-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രാജീവ് എബ്രഹാം | 1-04-2018 മുതൽ 31-03-2019വരെ |
| വെറ്ററിനറി സർജൻ | ഡോ. അഭിരാം | 1-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ. അജു അലക്സ് | 1-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ - 2 | ശ്രീ. ഷിബു | 1-04-2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീ ഷിബു എം | 1-04-2018 മുതൽ 31-07-2018 വരെ |
| | ശ്രീ സുരേഷ് വി | 01-08-2018 മുതൽ 31-03-2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി അമ്പിളി പി വി | 1-04-2018 മുതൽ 31-03-2019 വരെ |
| എച്ച്.എം. | ശ്രീമതി പ്രസന്നകുമാരി അമ്മ | 1-04-2018 മുതൽ 31-03-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ഷിബു കെ | 1-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ആരിഫുദ്ദീൻ.എ | 1-04-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |

| | | |
|---|---|---|
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 1-12 |
| 13 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 1-13 |
| 14 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകത | 1-15 |
| 16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | സോൾവൻസി സർട്ടിഫിക്കറ്റ് കൂടാതെ ലേലം അംഗീകരിച്ചു - ഗ്രാമപഞ്ചായത്തിന് 386450/- രൂപയുടെ നഷ്ടം | 1-17 |
| 18 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു. | 1-18 |
| 19 | വസ്തു നികുതി ഡിമാന്റ് ചെയ്യാത്ത കെട്ടിടത്തിന്റെ നികുതി ഈടാക്കി | 1-19 |
| 20 | വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ | 1-20 |
| 21 | കെട്ടിടങ്ങൾക്ക് നികുതി ഇളവ് രേഖപ്പെടുത്തുന്നില്ല. | 1-21 |
| 22 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത | 1-22 |
| 23 | പൊളിച്ച് മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ ഗുരുതര വീഴ്ച | 1-23 |
| 24 | ആശുപത്രി കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ ഗുരുതര വീഴ്ച | 1-24 |
| 25 | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് നൽകൽ – അപാകങ്ങൾ | 1-25 |
| 26 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത | 1-26 |
| 27 | കെട്ടിട നിർമ്മാണ പെർമിറ്റ് ക്രമവത്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 1-27 |
| 28 | സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നു | 1-28 |
| 29 | വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നില്ല | 1-29 |
| 30 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-30 |
| 31 | ധന വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | കൃത്യനിർവഹണത്തിലെ വീഴ്ച –കോടതിവിധിയെ തുടർന്ന് തനതുഫണ്ട് തുക നഷ്ടമായി | 1-32 |
| 33 | നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ രേഖകൾ ലഭ്യമല്ല | 1-33 |
| 34 | പത്രപ്പരസ്യം നല്കൽ - 15371/- രൂപ നിരാകരിക്കുന്നു, 79146/- രൂപ തടസ്സപ്പെടുത്തുന്നു. | 1-34 |
| 35 | ചെലവ് രേഖകളുടെ അഭാവത്തിൽ 13926/-രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 36 | തെരുവ് വിളക്ക് പരിപാലനം-അപാകതകൾ | 1-36 |
| 37 | അംഗീകാരം നേടുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നില്ല | 1-37 |
| 38 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - എർത്ത് ഫില്ലിംഗ് നിർവഹണം ഉറപ്പ് വരുത്തൽ - ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണം | 1-38 |
| 39 | പ്രവൃത്തി ഏറ്റെടുക്കാത്ത കരാറുകാരനിൽ നിന്നും ഇ എം ഡി മുതൽക്കൂട്ടിയില്ല | 1-39 |
| 40 | നാവായിക്കുളം മുസ്ലിം എൽ പി എസ് ഡൈനിംഗ് ഹാൾ - പ്രവർത്തന സജ്ജമാക്കണം | 1-40 |
| 41 | പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു | 1-41 |
| 42 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം-അപാകതകൾ | 1-42 |
| 43 | അംഗനവാടി അനുപൂരക പോഷകാഹാര വിതരണം പദ്ധതി- 12,42,498 തടസ്സപ്പെടുത്തുന്നു | 1-43 |

| | | |
|---|---|---|
| 44 | ഭിന്നശേഷിവിഭാഗത്തിലെ കുട്ടികൾക്കുള്ള കലാ കായിക മത്സരം-18630/-രൂപ തടസ്സപ്പെടുത്തുന്നു | 1-44 |
| 45 | ഷീ പാഡ്-സംസ്കരണ സംവിധാനം സ്ഥാപിക്കൽ - 74792/-രൂപ തടസ്സത്തിൽ | 1-45 |
| 46 | സ്വയംതൊഴിൽ ഗ്രൂപ്പിന് വാദ്യോപകരണം - വികസന ഫണ്ടിൽ നിന്നും അധികചെലവ് | 1-46 |
| 47 | യൂത്ത് ക്ലബ്ബ് രൂപീകരണവും പരിശീലനവും - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-47 |
| 48 | കുഴൽ കിണർ നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-18,02,330/- രൂപ തടസ്സപ്പെടുത്തുന്നു. | 1-48 |
| 49 | പ്രൈമറി ഹെൽത്ത് സെന്റർ- മരുന്ന് വാങ്ങൽ പ്രോജക്ടിൽ രേഖകൾ യഥാവിധം ഓഡിറ്റിൽ ഹാജരാക്കുന്നതിൽ വീഴ്ച | 1-49 |
| 50 | SC വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി ലക്ഷ്യം കണ്ടില്ല. | 1-50 |
| 51 | സാക്ഷരത തുടർ വിദ്യാഭ്യാസ പരിപാടി പഠിതാക്കളുടെ രജിസ്ട്രേഷൻ രേഖകളില്ല. | 1-51 |
| | ഭാഗം 2 | |
| | വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 52 | സോൾവൻസി സർട്ടിഫിക്കറ്റ് കൂടാതെ ലേലം അംഗീകരിച്ചു - ഗ്രാമപഞ്ചായത്തിന് 386450/- രൂപയുടെ നഷ്ടം | 2-1 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 53 | പത്രപ്പരസ്യം നല്കൽ - 15371/- രൂപ നിരാകരിക്കുന്നു, 79146/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമല്ല. | 3-1 |
| 54 | സ്വയംതൊഴിൽ ഗ്രൂപ്പിന് വാദ്യോപകരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 3-2 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 55 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 56 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 57 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 58 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 59 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 60 | സ്ഥിര നിക്ഷേപം | 4-6 |
| 61 | ഓഡിറ്റ് റിക്കവറി | 4-7 |
| 62 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 63 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 64 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 65 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

22-3-2018 തീയതിയിലെ (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14-2-2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-19 | 24-05-19 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15517229 |
| വരവ് | 168115255 |
| ആകെ | 183632484 |
| ചെലവ് | 123434448 |
| നീക്കിയിരിപ്പ് | 60198036 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22262576 | 22262576 | 22262576 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 16140400 | 16140400 | 16140400 | 0 |
| സി.എഫ്.സി | 0 | 11095065 | 11095065 | 11095065 | 0 |
| ബി-ഫണ്ട് | 0 | 403440 | 403440 | 403440 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 5913593 | 5913593 | 5913593 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 4425077 | 4425077 | 4425077 | 0 |
| ഐ.ഓ.ബി നാവായിക്കുളം (തനത് ഫണ്ട്) | 11852146 | 17274674 | 29126820 | 16383444 | 12743376 |
| എസ്.ബി.ഐ (ഇ-പേയ്മെന്റ്) | 19021 | 24563799 | 24582820 | 24498928 | 83892 |
| ഡി.സി.ബി കല്ലമ്പലം(തനത് ഫണ്ട്) | 109040 | 27846 | 136886 | 0 | 136886 |
| ഐ.ഓ.ബി നാവായിക്കുളം (എൻ.ആർ.ഇ.ജി.എസ്) | 515072 | 742974 | 1258046 | 1068178 | 189868 |
| ട്രഷറി STSB(സംയുക്ത പ്രോജക്ട്) | (-)1422379 | 17293108 | 15870729 | 13231829 | 2638900 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ് ഗ്രാന്റ്) | 4062740 | 47675554 | 51738294 | 7630329 | 44107965 |
| ക്യാഷ് | 381589 | 297149 | 678738 | 381589 | 297149 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 192422825 | 133 | 101298153 | - | 54 | 71% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 515072 | 742974 (*1) | 1258046 | 1068178 (*2) | 189868 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 48856000 | 48856000 | 48856000 | 0 |
| ആകെ | 515072 | 49598974 | 50114046 | 49924178 | 189868 |

(*1)ഇൻസന്റീവ് ബോണസ് ഇനത്തിലെ 137000/-രൂപയുടെ വരവ് ഉൾപ്പെടെ

(*2)ഇൻസന്റീവ് ബോണസ് ഇനത്തിലെ 136000/- രൂപയുടെ ചെലവ് ഉൾപ്പെടെ

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 403440 | 299 |
| കർഷകതൊഴിലാളി പെൻഷൻ | 4069800 | 1040 |
| വിധവാ പെൻഷൻ | 19603000 | 4940 |
| വാർദ്ധക്യകാലപെൻഷൻ | 39382900 | 9860 |
| വികലാംഗ പെൻഷൻ | 6055200 | 1455 |
| വിവാഹധനസഹായം | 630000 | 21* |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 182300 | 52* |

*വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-02-2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19396/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രഥമ ഘടകം കുറ്റമറ്റ ആഭ്യന്തര നിയന്ത്രണസംവിധാനം ആണ്.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പ് ഭരണസമിതി ഉദ്യോഗസ്ഥതലങ്ങളിൽ പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണ്.

ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നതും വസ്തു നികുതി കണക്കാക്കുന്നതിന് മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കാത്തതും സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നൽകി സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കുന്നതും നികുതി നിർണയത്തിന്റെ രേഖകൾ സൂക്ഷിക്കാത്തതും നികുതി ഇളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നൽകാത്തതും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതും സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കാത്തതും അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതാണ്.

പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതും ആശുപത്രി കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതും ഗുരുതര വീഴ്ചയായി കാണുന്നു.

ലേല നടപടികൾ ചട്ടപ്രകാരം നടത്തുന്നില്ല. സോൾവൻസി സർട്ടിഫിക്കറ്റ് കൂടാതെ ലേലം അംഗീകരിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് 3,86,450/- രൂപയുടെ നഷ്ടം സംഭവിച്ചു.

തെരുവ് വിളക്ക് - സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കാത്തത് ഗുരുതര അപാകമായി കാണുന്നു. അംഗനവാടികൾക്ക് പോഷകാഹാരം വിതരണം ചെയ്തത് സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ ICDS സൂപ്പർവൈസർ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവഹണത്തിൽ നടപ്പാക്കേണ്ട സ്പിൽ ഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കാതിരിക്കുക മാത്രമല്ല അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുമില്ല. പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നതും നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്.

ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. 2018-19 വർഷത്തെ പദ്ധതി നടത്തിപ്പിൽ പദ്ധതി മോണിറ്ററിംഗിന്റെ അഭാവം പ്രകാരമായിരുന്നു. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30-01-2020 | 12/2019 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-01-2019 | 2013-2018 | 21-02-2019 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

നം. കെ എസ് എ/ റ്റി വി എം/ജി പി 9/1367/19 തീയതി 19-08-2019 പ്രകാരം പുറപ്പെടുവിച്ച വാർഷികധനകാര്യപത്രികയുടെ സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പരാമർശങ്ങൾ ഒഴികെ മറ്റ് അപാകതകൾ ഒന്നും ഇല്ല.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

a)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലൈസൻസിനായി സമർപ്പിച്ച ക്രമ നം.1 മുതൽ 164 വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | XIX/513 | ജിഷാ | ബ്യൂട്ടി പാർലർ |
| 2 | IV/721,22 | ജെസിൻ | റബ്ബർ വ്യാപാരം |
| 3 | XIX/03 | പ്രഹ്ലാദൻ | ഹോട്ടൽ |
| 4 | IV/627 | നാസർ | ബേക്കറി |
| 5 | IV/437 | നസീർ | ഹാർഡ്വെയർ |
| 6 | XIX/361 | അജയകുമാർ | മെഡിക്കൽ സ്റ്റോർ |
| 7 | VIII/20 | രാജു | സിമന്റ് ചില്ലറ വില്പന |
| 8 | IV/528 | ഫസിലുദ്ദീൻ | റബ്ബർ വ്യാപാരം |
| 9 | XIX/161-67 | കാർത്തികേയൻ | റസ്റ്റോറന്റ് |
| 10 | XIX/82 B | ജോയി | സിമന്റ് വ്യാപാരം |

b)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ I,IV, VIII എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2018-19 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | I/150,151 | ശശിധരൻ | തുണിക്കട |
| 2 | I/587 B | ഉമേഷ് | ബോർവെൽ ഏജൻസി |
| 3 | I/197 | സുരേഷ് ലാൽ | സ്റ്റേഷനറി |
| 4 | I/198 | വിജയൻ നായർ | ബുക്ക് സ്റ്റാൾ |
| 5 | IV/332 | ഷംസുദ്ദീൻ | റബ്ബർ വ്യാപാരം |
| 6 | IV/614 | സാബു ജേക്കബ് | പച്ചക്കറി വ്യാപാരം |
| 7 | IV/247 | ഷാജിർ | പ്രൊവിഷൻ സ്റ്റോർ |
| 8 | IV/228 A | അജികുമാർ | എഞ്ചിനീയറിംഗ് വർക്ക് |

| | | | |
|---|---|---|---|
| 9 | IV/129 | സുബൈദീസ | ഹോട്ടൽ |
| 10 | VIII/543 | സൈനുലാബ്ദീൻ | താബൂക്ക് നിർമ്മാണം |
| 11 | VIII/122 | സലാഹുദ്ദീൻ | വളം ഡിപ്പോ |
| 12 | VIII/672 A | ഷൈലാ ബഷീർ | പൗൾട്രിഫാം |
| 13 | VIII/18,19 | പ്രദീപ് | ട്രേഡേഴ്സ് |
| 14 | VIII/696 | നസീർ | കാറ്ററിംഗ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/27.02.2020 ന് മറുപടി ലഭ്യമാക്കിയില്ല. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-13 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടങ്ങൾ, ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് കൂടാതെ ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ട് പോകുവാനോ പാടുള്ളതല്ല. ഗ്രാമപഞ്ചായത്തിന്റെ 2018-19 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ വിവിധ ഇനങ്ങളിൽ 26 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയ്ക്ക് 2018-19 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | സ്വകാര്യം |
|---|---|---|
| 1 | ഡയറി ഫാം | 10 |
| 2 | ഗോട്ട് ഫാം | 3 |
| 3 | ഇറച്ചിക്കോഴി | 8 |
| 4 | മുട്ടക്കോഴി | 5 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് 24/27.02.2020 ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-14 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2018-19 വർഷത്തേയ്ക്ക് FTEAOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 03/25.02.2020 ന് മറുപടിൽ 18 റേഷൻകടകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകത

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ച വ്യാപാരസ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 205പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല .ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | സ്ഥാപനം | ജീവനക്കാർ |
|---|---|---|---|---|
| 1 | XIX/167 | കാർത്തികേയൻ | ഹോട്ടൽ ന്യൂ ഇന്ദ്രപ്രസ്ഥ | 20 |
| 2 | XII/178 | സനിൽ കുമാർ | ന്യൂമോട്ടോഴ്സ് | 10 |
| 3 | XII/254 | ബഷീർ | ഹസീന എന്റർപ്രൈസസ് | 31 |
| 4 | I/610,611 | അബ്ദുൾ വാഹിദ് | ഐസ് പ്ലാന്റ് | 9 |
| 5 | XIV/720,21,22 | കഹാർ | സൂപ്പർ മാർക്കറ്റ് | 2 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 38/29.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ കരാറുകാരുടെ ലിസ്റ്റ് പ്രകാരം 19 കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | നാസറുദ്ദീൻ | കടയിൽ വീട്, തൊളിക്കുഴി |
| 2 | രവീന്ദ്രക്കുറുപ്പ് | മുക്കുറ്റിൽ വീട്, കൊല്ലായിൽ |
| 3 | നാദർഷാൻ | എ.എൻ കൺസ്ട്രക്ഷൻസ്,മടവൂർ |
| 4 | ഗോവിന്ദരാജ് സെൻ | ശ്രീലങ്കാപുരി, ചെറുന്നിയൂർ |
| 5 | രാജേന്ദ്രബാബു | ചന്ദ്രഭവനം, ആലത്തുകാവ് |
| 6 | ബിജുമോൻ | ബംഗ്ലാവിൽ വീട്, നെടുംപറമ്പിൽ |
| 7 | ഗുരുദാസ് | പ്ലാവിള വീട്, വഞ്ചിയൂർ |
| 8 | അജിത്ത് കുമാർ | ഇന്ദീവരം,തച്ചോട് |
| 9 | വിജയകുമാർ | തണൽ, കടയ്ക്കൽ |
| 10 | സുനിൽകുമാർ | സുബിനം, ആറ്റിങ്ങൽ |
| 11 | ജോജി | കൃപാഭവനം, ചെക്കാലവിള |
| 12 | അരുൺ | കാട്ടിൽ വീട്, നെടുമ്പറമ്പ് |
| 13 | സുധീരൻ | സുധഭവൻ, , കിഴക്കനേല |

| | | |
|---|---|---|
| 14 | സണ്ണി | കുന്നിൽ വീട്, കുന്നുമ്മേൽ, കിളിമാനൂർ |
| 15 | രാധാകൃഷ്ണൻ | ശ്രീരാഗം, പാളയംകുന്ന് |
| 16 | അക്ബർഷാ | കൊടിനിളവീട്, കിളിമാനൂർ |
| 17 | ജയചന്ദ്രൻ | കല്ലറവിളാകം, വലിയകട |
| 18 | തുളസീധരൻ നായർ | കാവിലകം, കീഴ്പേരൂർ |
| 19 | അനീഷ് | തിണ്ടക്കാട്, കാരോട് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.02/25.02.2020ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-17 സോൾവൻസി സർട്ടിഫിക്കറ്റ് കൂടാതെ ലേലം അംഗീകരിച്ചു - ഗ്രാമപഞ്ചായത്തിന് 386450/- രൂപയുടെ നഷ്ടം

2018-19 വർഷത്തേയ്ക്ക് ലേലം നടത്തിയതിൽ കുടിശ്ശിക വരുത്തിയിയിട്ടുള്ള 386450/- രൂപ തുക ലേലം കൊണ്ട വ്യക്തികളിൽ നിന്നും ഈടാക്കാത്തതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ( വിശദവിവരത്തിന് ഖണ്ഡിക 2-1 കാണുക)

# 1-18 വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2018-19 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 11/51 A | താജുദ്ദീൻ | 118030103489/06.09.18 | 2018 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 817/- |
| 2 | 9/574 A | സമീർ നാസില ബീവി | 118030104348/14.11.18 | 2018 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 1372/- |
| 3 | 19/215 | ലില്ലി | 118030105125/04.12.18 | 2013 ഒന്നാം അർദ്ധ വർഷം മുതൽ 2018 ഒന്നാം അർദ്ധ വർഷം വരെ | 778/- |
| 4 | 8/612 A | സൈനബ ബീവി | 118030105204/04.12.18 | 2018 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 659/- |
| 5 | 1/610 | അബ്ദുൾ വാഹിദ് | 118030108080/02.02.2019 | 2013 ഒന്ന് രണ്ട് അർദ്ധ വർഷം 2016 | 809/- |

| | | | | | |
|---|---|---|---|---|---|
| | | | | ഒന്നാം അർദ്ധ വർഷം | |
| 6 | 20/405 | ബിനു | 118030108827/2.03.2019 | 2018 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 690/- |
| 7 | 20/405 | ബിനു | 118030108828/ 12.03.2019 | 2018 ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ | 690/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.10/25.02.2020 ന് ലഭിച്ച മറുപടിയിൽ പ്രസ്തുത രസീത് പ്രകാരമുള്ള തുക സഞ്ചയയിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്.സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-19 വസ്തു നികുതി ഡിമാന്റ് ചെയ്യാത്ത കെട്ടിടത്തിന്റെ നികുതി ഈടാക്കി

| ഫയൽ നം | കെട്ടിട നമ്പർ | ഉടമ |
|---|---|---|
| A2-11445/18 തീ.26.02.2018 | 13/656 | ശ്രീ.പ്രഭാകരൻ (ശ്രീമതി.ചന്ദ്രിക ദേവി) |

മേൽ കെട്ടിടത്തിന്റെ ഉടമസ്ഥനായ ശ്രീ.പ്രഭാകരൻ മരണപ്പെട്ടതിനാൽ പ്രസ്തുത വ്യക്തിയുടെ ഭാര്യ ശ്രീമതി. ചന്ദ്രിക ദേവി കെട്ടിടത്തിന്റെ നികുതി ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 26.12.2018 ൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അന്വേഷണറിപ്പോർട്ടിൽ പ്രസ്തുത കെട്ടിടം ഇതര വ്യവസായത്തിനുള്ള കെട്ടിടമാണെന്നും അതിനാൽ നാളിതുവരെയുള്ള നികുതി കുടിശ്ശിക ഒടുക്കി വേക്കൻസി റമിഷന് അപേക്ഷ സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സഞ്ചയ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടം നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ കെട്ടിടത്തിന് നികുതി ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കെട്ടിടത്തിന്റെ 2013 ഒന്നാം അർദ്ധ വർഷം മുതൽ 2017 രണ്ടാം അർദ്ധ വർഷം വരെയുള്ള കാലയളവിലേയ്ക്കായി 8820/- രൂപ (രസീത് നമ്പർ .118030108127/14.02.2019)വസ്തു നികുതി ഇനത്തിൽ ഒടുക്കിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/27.02.2020 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ഇതര വ്യവസായത്തിന് ഉപയോഗിക്കുന്ന പ്രസ്തുത കെട്ടിടത്തെ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് രേഖപ്പെടുത്താത്തതും ഡിമാന്റ് രേഖപ്പെടുത്താതെ നികുതി കളക്ഷൻ നടത്തിയതും ഗ്രാമപഞ്ചായത്തിന്റെ ഗുരുതര വീഴ്ചയാണ്. ഇക്കാരണത്താൽ 2018-19 സാമ്പത്തിക വർഷത്തെ വസ്തു നികുതി പിരിവ് ശതമാനത്തിൽ വർദ്ധനവാണ് കാണപ്പെട്ടത്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-20 വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

a)വെരിഫിക്കേഷൻ റിപ്പോർട്ടും സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ | അപാകത |
|---|---|---|---|
| 1 | A2/891/18 തീ.31.01.2018 | 15/118 A | കെട്ടിടത്തിന്റെ പെർമിറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ച സൈറ്റ് പ്ലാനിൽ 109.8 ച.മീ വിസ്തീർണ്ണമുള്ള 15/18 എന്ന കെട്ടിടം സ്ഥിതിചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ അത്തരത്തിൽ ഒരു കെട്ടിടം ഉൾപ്പെടുത്തിയിട്ടില്ല. |
| 2 | A2-8826/18 തീ.25.09.18 | VIII/608 A | കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലിന്ത് ഏരിയ ചുവടെ പറയും പ്രകാരമാണ്. താഴത്തെ നില -114 ച.മീ, ഒന്നാം നില -73 ച.മീ ,ആകെ - 187 ച.മീ, എന്നാൽ സഞ്ചയയിൽ താഴത്തെ നില -116.5 ച.മീ, ഒന്നാം നില -47.5 ച.മീ ,ആകെ - 164 ച.മീ അന്വേഷണ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ മേഖല - ദ്വതീയം , റോഡിന്റെ തരം - ഇല്ല . എന്നാൽ സഞ്ചയയിൽ മേഖല - പ്രഥമം , റോഡിന്റെ തരം - 5 മീറ്ററിൽ കൂടുതൽ. കെട്ടിടത്തിന്റെ അസസ്സ്മെന്റ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട ഫോറം.2, ഫോറം 6,ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട് , എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. |

b)മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/27.02.2020 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നികുതി നിർണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-21 കെട്ടിടങ്ങൾക്ക് നികുതി ഇളവ് രേഖപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ നികുതി ഇളവിന് അർഹതയുള്ള കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതും അല്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നൽകി വസ്തു നികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ഗ്രാമപഞ്ചായത്തിലെ ഒന്ന്, മൂന്ന് എന്നീ വാർഡിലെ കെട്ടിടങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടില്ല എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റായി തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 5/15 | കനകമ്മ, ദിവ്യാലയം,ഇടമൺ നില |
| 2 | 5/18 | സുകുമാരൻ ഭാവന, മണ്ണാകോണത്ത് വീട്, ഇടമൺ നില |
| 3 | 5/20 | കുഞ്ഞി,ചരുവിള പുത്തൻവീട്, ഇടമൺ നില |
| 4 | 5/23 | ബാലൻ,അനിതാ ഭവൻ, ഇടമൺ നില |
| 5 | 5/28 | സുഭദ്ര അമ്മ, സരിതാ ഭവൻ, മരുതിക്കുന്ന് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10/25.02.2020 ന് മറുപടിയിൽ മേൽ കെട്ടിടങ്ങൾ നികുതി ഇളവിന് അർഹതയുള്ള കെട്ടിടങ്ങൾ ആണെന്നും സഞ്ചയയിലെ അപാകത മൂലമാണ് ഇപ്രകാരം ഡിമാന്റ് രേഖപ്പെടുത്താത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. കെട്ടിടങ്ങളുടെ നികുതി ഇളവ് അർഹത സഞ്ചയയിൽ കൃത്യമായും രേഖപ്പെടുത്തേണ്ടതും സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-22 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

<u>a)സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല</u>

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന വിവരം സഞ്ചയസോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | XVIII/169 A | സുനിൽ പി,സുചിത്ര ഭവൻ, |

| | | |
|---|---|---|
| | | ചാവർകോട് |
| 2 | XVI/64 | ശാന്ത, കുന്നവിള വീട്, പറകുന്ന് |
| 3 | IV/113 A | ആരതി,ബിന്ദു വിലാസം, മരുതിക്കുന്ന് |
| 4 | IX/556 A | റഫീലാ ബീവി, കരിക്കകത്തിൽ വീട്,കുടവൂർ |
| 5 | XV/143 A | കാമാക്ഷി കുഴിയിൽ വീട്, ചിറ്റായിക്കോട് |

b)മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | X/197 A | ഗിരിജ, വട്ടവിള വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | XVII/491 | ഗോപാലകൃഷ്ണൻ നായർ,ജി.ആർ ഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | XVI/64 | ശാന്ത , കുന്നവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | III/338 B | ലീജ, വേടൻ വിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | III/519 | ശശികല, ചരുവിള പുത്തൻവീട് | 2010 ഒന്നാം അർദ്ധ വർഷം മുതൽ |

c)ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് /വിലാസം | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|
| 1 | 1/2 A | സുരേഷ്, കുരീപ്പച്ച വീട്, കിഴക്കനേല | 2016 ഒന്നാം അർദ്ധ വർഷം മുതൽ |
| | 1/2 B | | 2016 രണ്ടാം അർദ്ധ വർഷം മുതൽ |

| | | | |
|---|---|---|---|
| 2 | 2/102 B<br>2/102 C | എസ്.ബാബു അമ്പിളി, അനന്തു ഭവൻ പലവക്കോട് | 2015 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 4/669 B | ഓമന,സുനിത ഭവൻ മരുതിക്കുന്ന് | 2015 ഒന്നാം അർദ്ധ വർഷം മുതൽ |
| | 4/669 | | 2018 രണ്ടാം അർദ്ധ വർഷം മുതൽ |
| 4 | 9/618 A<br>9/618 C | ഷംസുദ്ദീൻ , അഫ്സാബീവി,കുന്നിൽ വീട് കുടവൂർ | 2015 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 10/334 | നടരാജൻ,കടയിൽ വീട്, കോട്ടറക്കോണം | 2015 ഒന്നാം അർദ്ധ വർഷം മുതൽ |
| | 10/335 | | 2015 ഒന്നാം അർദ്ധ വർഷം മുതൽ |

d) 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തെ ഒഴിവാക്കി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | പേര് /വിലാസം | വിസ്തീർണ്ണം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 07/169 A | സോഫിദാ ബീവി , പറണ്ടവിള വീട് , കോളനി മുക്ക് | 85 ച.മീ | 2008 ഒന്നാം അർദ്ധ വർഷം മുതൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10/25.02.2020 ന് മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചതും ഉടമസ്ഥന്റെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-23 പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ ഗുരുതര വീഴ്ച

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഉടമസ്ഥൻ ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നമ്പർ | ഫയൽ നമ്പർ തീയതി | കെട്ടിട നമ്പർ | പേര് | ഉപയോഗക്രമം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികതി |
|---|---|---|---|---|---|---|
| 1 | A8-4117/18<br>09.05.2018 | 12/127 | സീനത്ത് | വാണിജ്യം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 8166 |
| 2 | A8-4117/18 (2)<br>09.05.2018 | 12/128 | സീനത്ത് | വാണിജ്യം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 24948 |
| 3 | A8-4117<br>(3)/2018<br>09.05.2018 | 12/346 | താഹ | വാണിജ്യം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 5724 |
| 4 | A8-4117(4)/18<br>09.05.2018 | 12/347 | താഹ | വാണിജ്യം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 1026 |
| 5 | A8-4117(5)/18<br>09.05.2018 | 12/348 | താഹ | വാണിജ്യം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 72042 |
| 6 | A10-2767/2018<br>26/03/18 | 14/567 | കമറുദ്ദീൻ | വാണിജ്യം | 2010 ഒന്നാം അർദ്ധവർഷം മുതൽ | 35754 |
| 7 | A7/303/18<br>19.03.2018 | 6/614 | ഗിരിജ | വാണിജ്യം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 15876 |
| 8 | A8/365A/18<br>19.03.18 | 12/365 A | ഹാഷിം | ഇതര വ്യവസായം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 5202 |
| 9 | A10/80/2018<br>22.03.2018 | 21/80 | അമ്പലം (സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്) | ഇതരവ്യവസായം | 2013 ഒന്നാം അർദ്ധവർഷം മുതൽ | 12288 |
| 10 | A2/3974/18<br>04.05.2018 | 10/307 | മുഹമ്മദ് സാലി | വ്യവസായത്തിനുള്ള ഷെഡ് | 2013 ഒന്നാം അർദ്ധവർഷം മുതൽ | 4721 |

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്ക് വിരുദ്ധമായി ഭീമമായ തുക വസ്തുനികുതി ഇളവ് നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/27.02.2020) ലഭിച്ച മറുപടിയിൽ അപേക്ഷയുടെ അടിസ്ഥാനത്തിലും സ്ഥലപരിശോധന നടത്തിയുമാണ് വസ്തുനികുതി ഒഴിവാക്കി നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണവും നികുതി ഫയലും രജിസ്റ്ററും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-24 ആശുപത്രി കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ ഗുരുതര വീഴ്ച

താഴെപ്പറയുന്ന ആശുപത്രി കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം | ഫയൽ നം.തീ | കെട്ടിട നം | പേര് | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികതി |
|---|---|---|---|---|---|
| 1 | A8/342/18<br>24.03.2018 | 12/342 | ദാസ് | 2013 ഒന്നാം അർദ്ധവർഷം മുതൽ | 12474 |
| 2 | A8/343/18<br>24.03.2018 | 12/343 | ദാസ് | 2013 ഒന്നാം അർദ്ധവർഷം മുതൽ | 9702 |
| 3 | A8/344/18<br>24.03.2018 | 12/344 | ദാസ് | 2013 ഒന്നാം അർദ്ധവർഷം മുതൽ | 11088 |
| 4 | A8/345/18<br>24.03.2018 | 12/345 | ദാസ് | 2013 ഒന്നാം അർദ്ധവർഷം മുതൽ | 1566 |
| 5 | A8/417b/18<br>24.03.2018 | 12/417 b | ദാസ് | 2013 ഒന്നാം അർദ്ധവർഷം മുതൽ | 9804 |

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്.മേൽ ചട്ടങ്ങൾക്ക് വിരുദ്ധമായി ഭീമമായ തുക വസ്തുനികുതി ഇളവ് നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/27.02.2020 ന് ലഭിച്ച മറുപടിയിൽ അപേക്ഷയുടെ അടിസ്ഥാനത്തിലും സ്ഥലപരിശോധന നടത്തിയുമാണ് വസ്തുനികുതി ഒഴിവാക്കി നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണവും നികുതി ഫയലും രജിസ്റ്ററും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-25 ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ്

# നൽകൽ – അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകം കണ്ടെത്തി.

| ഫയൽ നം | കെട്ടിട നമ്പർ | ഉടമ |
|---|---|---|
| A2-10008/18 തീ.05.11.2018 | 13/575,576,577 | ശ്രീ.ഗോപിനാഥൻ നായർ |

മേൽ വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനായ ശ്രീ.ഗോപിനാഥൻ നായർ, കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുകയാണെന്നും അതിനാൽ വസ്തുനികുതി ഇളവ് അനുവദിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് 05.11.2018ൽ ഗ്രാമപഞ്ചായത്തിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അന്വേഷണ റിപ്പോർട്ടിൽ കെട്ടിടങ്ങൾ പ്രവർത്തന രഹിതമാണെന്നും അതിനാൽ വേക്കൻസി റെമിഷനിൽ ഉൾപ്പെടുത്തി നികുതി ഇളവ് അനുവദിക്കാമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയലിൽ അതിൻമേൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ സഞ്ചയയിൽ കെട്ടിടത്തിന് വേക്കൻസി റെമിഷനിൽ ഉൾപ്പെടുത്തി നികുതി ഇളവ് അനുവദിച്ചിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/27.02.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് അനുവദിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-26 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആദ്യ 4 വാർഡുകൾ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പേര് , വിലാസം |
|---|---|---|
| 1 | 1/267 | ശ്രീകുമാർ, ശ്രീഹരി, കുളമട |
| 2 | 1/313 | സദാശിവൻ, ആനന്ദ ഭവനം, കിഴക്കനേല |
| 3 | 1/552 | അനിൽകുമാർ, ശ്രീശങ്കരം, വെട്ടിയറ |
| 4 | 1/626 | അജയകുമാർ, നന്ദനം,കിഴക്കനേല |

| | | |
|---|---|---|
| 5 | 1/653 | മധുസൂദനൻ ഉണ്ണിത്താൻ, സിതാര, കടമ്പാട്ടുകോണം |
| 6 | 1/683 | ബാലചന്ദ്രൻ നായർ, വീണാഭവൻ,കടമ്പാട്ടുകോണം |
| 7 | 2/186 | ശശിധരൻപിള്ള, ദിവ്യഗിരി, കിഴക്കനേല |
| 8 | 3/64 | കരുണാകരക്കുറുപ്പ്, പേഴുവിള വീട്,പുന്നോട് |
| 9 | 3/388 | രാധാകൃഷ്ണൻ,വൃന്ദാവൻ, ഇടമൺനില |
| 10 | 3/441 | രേണുക, രേണുക മന്ദിരം , ഇടമൺനില |
| 11 | 4/137 | ഷീജ കുമാരി, ഷീജ ഭവൻ , ഇടമൺനില |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/27.02.2020) ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-27 കെട്ടിട നിർമ്മാണ പെർമിറ്റ് ക്രമവത്കരണ ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 135 പ്രകാരം ക്രമവല്ക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ ഒരു പുതിയ അപേക്ഷയുടെ കാര്യത്തിലെന്നപോലെ ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് കൂടാതെയുള്ള ക്രമവല്ക്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.11.2015-ലെ 229813/ആർ.ഡി.2/15/ത.സ്വ.ഭ.വ നമ്പർ കത്തിൽ മേൽ വിഷയം സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതിനാൽ അപേക്ഷയോടൊപ്പം പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.22/27.02.2020 ന് ലഭ്യമാക്കിയ മറുപടിയിൽ സങ്കേതം സോഫ്റ്റ്‌വെയർ മുഖേന തുക ഈടാക്കിയതിനാലാണ് മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. പെർമിറ്റ് കൂടാതെയുള്ള ക്രമവല്ക്കരണത്തിന് പെർമിറ്റ് ഫീസും, പെർമിറ്റ് ഫീസിന്റെ ഇരട്ടിയായി രാജിയാക്കൽ ഫീസും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം

# നടത്തുന്നു

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ , സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫാറം 6 പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷൻ നമ്പർ.01/29.02,2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-29 വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ,ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും നായ്ക്കളെ വളർത്താൻ പാടില്ല. 2018-19 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1403 വളർത്തുനായകൾക്ക് ലൈസൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 10 നായകൾക്ക് മാത്രമേ 2018-19 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളൂ. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 37/29.02.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വളർത്ത് നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കുന്നതിനായി പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

# 1-30 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

<u>a)മാർക്കറ്റ് രസീത് രേഖകൾ</u>

വാർഷിക ധനകാര്യ പത്രിക പ്രകാരം 1450500111 എന്ന ഹെഡിൽ മാർക്കറ്റ് രസീത് ഇനത്തിൽ 23680/- രൂപ വരവുണ്ട്. ആയതിന്റെ രസീത് ബുക്ക്,സ്റ്റോക്ക് രജിസ്റ്റർ, കളക്ഷൻ രജിസ്റ്റർ , ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

<u>b)അനധികൃത നിർമ്മാണം</u>

ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 20 പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശം, ഫയൽ, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പരിശോധനയ്ക്കായി ലഭ്യമാക്കിയ അനധികൃത കെട്ടിട നമ്പർ രജിസ്റ്റർ അപൂർണ്ണവുമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷൻ.01/29.02.2020 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ രേഖകൾ ഹാജരാക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ ഗുരുതര വീഴ്ചയാണ്. മേൽ ഫയലുകൾ റിപ്പോർട്ട് ലഭിച്ച ഒരു മാസത്തിനകം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-31 ധന വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

a) ഐ.കെ.എം ന് വിഹിതം നല്കൽ

പ്രോജക്ട് നം. S003/19

അടങ്കൽ: 140088(വി.ഫ-ജനറൽ)

ചെലവ്: 140088

നിർവഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

ബിൽ നം: 3/18-19, 30.7.18

മേൽ പ്രോജക്ട് പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് പ്രവർത്തന ഫണ്ടിനത്തിൽ 140088/-രൂപ 2018-19 സാമ്പത്തിക വർഷം നല്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

b) Proj No. S01/19, സാമൂഹ്യസുരക്ഷമിഷനുള്ള സംഭാവന

പ്രോജക്ട് നമ്പർ – S0001/19

അടങ്കൽ: 200000(വി.ഫ-ജനറൽ)

ചെലവ്: 200000

നിർവഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

ബിൽ നം: 2/18-19, 30.7.18

സാമൂഹ്യ ശാക്തീകരണത്തിനായി കേരളാ സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കിവരുന്ന ജീവകാരുണ്യ പദ്ധതികളിലേക്ക് ഗ്രാമപഞ്ചായത്തുകൾ 5ലക്ഷം, ബ്ലോക്ക്/മുനിസിപ്പാലിറ്റി 10ലക്ഷം, കോർപ്പറേഷനുകൾ 25 ലക്ഷം എന്നിങ്ങനെ തുകകൾ ഫണ്ടിന്റെ മേഖലാ പരിധിയില്ലാതെ സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുന്നതിനായുള്ള സ.ഉ(സാധാ)നം.1209/2013/ത.സ്വ.ഭ.വ തീ: 6.5.2013 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൻവർഷം മേൽ പ്രോജക്ട് പ്രകാരം 2 ലക്ഷം രൂപ സ്ഥാപനത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർവഴി നല്കിയിട്ടുണ്ട്. സാമൂഹ്യസുരക്ഷാമിഷന്റെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ 2 ലക്ഷം രൂപ തടസ്സത്തിൽ വയ്ക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-32 കൃത്യനിർവഹണത്തിലെ വീഴ്ച – കോടതിവിധിയെതുടർന്ന് തനതുഫണ്ടിൽ നിന്നും 6,99,266/- രൂപ അടവാക്കേണ്ടി വന്നു

പഞ്ചായത്ത് വാഹനമായ KL-16 B 5046 എന്ന വാഹനം 8-6-2011 ൽ ശ്രീ ഗോപാലകൃഷ്ണപിള്ള എന്ന വ്യക്തിയുടെ KL-16 /D-225 നമ്പർ മോട്ടോർ സൈക്കിളുമായി അപകടത്തിൽപ്പെടുകയും ശ്രീ

ഗോപാലകൃഷ്ണപിള്ളക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ടിയാൾ ആറ്റിങ്ങൽ മോട്ടോർ ട്രൈബ്യൂണൽ മുമ്പാകെ OP(MV) 1353/11 നമ്പർ കേസ് ഫയൽ ചെയ്തു. ഒന്നാം എതിർകക്ഷി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും രണ്ടാം എതിർകക്ഷി പഞ്ചായത്ത് ദിവസവേതന ഡ്രൈവറായ ശ്രീ വിഷ്ണു എന്ന വ്യക്തിയുമായിരുന്നു. രണ്ടാം എതിർകക്ഷിയുടെ Rash and negligence ഡ്രൈവിംഗിലാണ് അപകടമുണ്ടായതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് 437150/-രൂപയും 25-11-2011മുതൽ തുക ഒടുക്കുന്നതുവരെ 9 ശതമാനം പലിശയും എതിർകക്ഷികളിൽ നിന്നും ഈടാക്കുന്നതിനാണ് ബഹു. ട്രൈബ്യൂണൽ ഉത്തരവായിരുന്നത്. തുടർന്ന് ഹർജിക്കാരൻ ഫയൽ ചെയ്ത ഇ പി 146/2018 പ്രകാരം 437150/-രൂപയും ആയതിന്റെ 25-11-2011 മുതൽ 27-04-2018 വരെയുള്ള പലിശയും ചെലവുമുൾപ്പെടെ 699266/- രൂപ ട്രൈബ്യൂണലിൽ ഹർജിക്കാരന് വേണ്ടി അടവാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. അപകടം നടക്കുന്ന സമയത്ത് ഓഫീസ് വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കിയിട്ടില്ലായിരുന്നു. 7-6-2010 മുതൽ 9-6-2011 വരെയുള്ള കാലയളവിലാണ് വാഹനത്തിന് ഇൻഷ്വറൻസ് പുതുക്കാതിരുന്നത്. ഹർജിക്കാരൻ കോടതിയിൽ ഫയൽ ചെയ്ത പ്രസ്തുത കേസിൻമേലുള്ള വിധിന്യായം നടപ്പിലാക്കുന്നതിനായി അവാർഡ് തുകയായ 4,37,150/-രൂപയും ആയതിന്റെ പലിശയും ചെലവുമുൾപ്പെടെ 6,99,296/-രൂപ നാവായിക്കുളം ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി സർക്കാർ 8-3-2019 ൽ ഉത്തരവ് (സ.ഉ(സാധാ) 575/2019/ത.സ്വ.ഭ.വ, തദ്ദേശസ്വയംഭരണവകുപ്പ്) പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് തുക ഒടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 28-3-2019 ലെ 1694051 നമ്പർ ചെക്ക് പ്രകാരം 6,99,296/-രൂപ തനതുഫണ്ടിൽ നിന്നും ട്രിബ്യൂണലിൽ ഒടുക്കിയിട്ടുണ്ട്.

വാഹനത്തിന്റെ ഇൻഷ്വറൻസ് സമയത്തിന് പുതുക്കാതിരുന്നതിനാലാണ് അപകടക്ലെയിമായി 7 ലക്ഷത്തോളം രൂപ തനതുഫണ്ടിൽ നിന്നും അടവാക്കേണ്ടി വന്നത്. ഉത്തരവാദപ്പെട്ടവരുടെ കൃത്യനിർവഹണത്തിലെ വീഴ്ചയാണ് ഇതിന് കാരണം.

പ്രസ്തുത സർക്കാർ ഉത്തരവിൽ ഔദ്യോഗിക വാഹനത്തിന്റെ ഇൻഷ്വറൻസ് സമയത്തിന് പുതുക്കുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവിട്ടിട്ടുമുണ്ട്. ആയതിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിക്ക് (നം.34/29-02-2020) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-33 നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ രേഖകൾ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ധനവിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

a) Proj No. S0161/19, സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ(സ്പിൽ ഓവർ)

അടങ്കൽ: 584490(ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ചെലവ്: 584159

ബിൽ നം: 25/18-19, 26.3.2019

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തി അംഗീകാരം നേടിയ മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷന വേണ്ടി കെ.എസ്.ഇ.ബി ക്ക് തുക നല്കിയിട്ടുണ്ട്.

ചുവടപ്പറയുന്ന പ്രദേശങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ നടത്തുന്നതിന് ഭരണസമിതിയിൽ തീരുമാനിച്ചിട്ടുണ്ട്.

| ക്രമ നം | പ്രദേശം | തുക |
|---|---|---|
| 1 | ~~വജ്രമംഗലം KCM LPS റോഡ്~~ | ~~1,00,000~~ |
| 2 | വൈരമല- ഭരണിക്കാവ് റോഡ് | 84490 |
| 3 | മാടൻകാവ് -കുന്നംപുറം റോഡ് | 1,00,000 |
| 4 | പറകുന്ന് -കല്ലൂർക്കുഴി റോഡ് | 1,00,000 |
| 5 | ഊന്നൻപാറ-ലക്ഷം വീട് കോളനി | 1,00,000 |
| 6 | തെറ്റിക്കുളം-ഐക്കോട്ട് കോണം റോഡ് | 1,00,000 |
| ആകെ | | 5,84,490 |

എന്നാൽ, പ്രസ്തുത പ്രോജക്ട് പ്രകാരം ഏതെല്ലാം പ്രദേശങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി നിർവഹിച്ചതിന്റെയും പൂർത്തീകരിച്ചതിന്റെയും വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത പ്രവൃത്തികൾക്ക് നല്കിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം കെ.എസ്.സി.ബി യിൽ നിന്ന് ലഭിച്ചിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/26.2.2020) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ ചെലവ് തുക (584159) തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>b) Proj No. S163/19, ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ്-സ്പിൽ ഓവർ(ഡെപ്പോസിറ്റ് വർക്ക്)</u>

അടങ്കൽ: 359717(തനത്)

ചെലവ്: 348880

ചെക്ക് നമ്പർ /തീയതി: 1)1694022/8.10.18, തുക 134518
2) 1694035/18.1.19 തുക 8535
3) 1694033/5.1.19 തുക 16795
4)1694042/1.3.19 തുക 96870
5) 1694045/19.3.19 തുക 81842
6) 1694046/19.3.19 തുക 10320

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് തൻവർഷം കെ.എസ്.ഇ.ബി ക്ക് പ്രോജക്ട് പ്രകാരം 348880/- രൂപ ഡെപ്പോസിറ്റ് നല്കിയിട്ടുണ്ട്. എന്നാൽ പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ചുള്ള പൂർത്തീകരണ സാക്ഷ്യപത്രമോ, തുക വിനിയോഗിച്ചത് സംബന്ധിച്ചുള്ള ധനവിനിയോഗ സാക്ഷ്യപത്രമോ പരിശോധനക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 348880/- തടസ്സത്തിൽ വക്കുന്നു.

# 1-34 പത്രപ്പരസ്യം നല്കൽ - 15371/- രൂപ നിരാകരിക്കുന്നു, 79146/- രൂപ തടസ്സപ്പെടുത്തുന്നു.

പത്രപ്പരസ്യ ബില്ലുകളിൻമേൽ അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കാത്തതിനാൽ 15371/- രൂപ നിരാകരിക്കുന്നു. (വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക)

# 1-35 ചെലവ് രേഖകളുടെ അഭാവത്തിൽ 113926/-രൂപ തടസ്സപ്പെടുത്തുന്നു.

a) Proj No. S56/19, ഗ്രാമ കേന്ദ്രങ്ങളുടെ പ്രവർത്തനം

അടങ്കൽ: 100000 (തനത്)

ചെലവ്: 62027
ചെക്ക് നമ്പർ/തീയതി. 1694052/30.3.19
നിർവ്വഹണം: സെക്രട്ടറി

പഞ്ചായത്തിലെ 22 വാർഡുകളിൽ പൊതുജന സേവനങ്ങൾക്കായി ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനായി വാടകയിനത്തിലും, വൈദ്യുതി ചാർജിനത്തിലുമുള്ള ചെലവുകൾക്കായി ആവിഷ്കരിച്ച പ്രോജക്ട് ആണിത്. മേൽ പ്രോജക്ട് പ്രകാരം ചുവടെപ്പറയുന്ന വ്യക്തികൾക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | തുക |
|---|---|---|
| 1 | അബ്ദുൾ ഷുക്കൂർ | 12000 |
| 2 | ഹുമയൂൺ കബീർ | 17023 |
| 3 | നാസറുദ്ദീൻ.എ | 15091 |
| 4 | ബാലകൃഷ്ണൻ ഉണ്ണിത്താൻ | 17913 |
| ആകെ | | 62027 |

പ്രസ്തുത ചെലവുകൾ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ 62027/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

b) Proj No. S160/19, ഗ്രാമ കേന്ദ്രങ്ങളുടെ പ്രവർത്തനം(സ്പിൽ ഓവർ)

അടങ്കൽ: 4,40,000(തനത്)

ചെലവ്: 51899
ചെക്ക് നമ്പർ/തീയതി. 274431/19.9.18

ഈ പ്രോജക്ടിന്റെ ഫയൽ /ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 1-36 തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

i) തെരുവ് വിളക്ക് – സ്റ്റോക്ക് രജിസ്റ്റർ പാലിക്കുന്നതിൽ ഗുരുതര അപാകം-921348/- രൂപയുടെ തടസ്സം

2018-19 ൽ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 138/19, 162/19 എന്നീ പദ്ധതികൾ പ്രകാരം യഥാക്രമം 3,99,990, 521358 എന്നിങ്ങനെ ധനകാര്യകമ്മിഷൻ അവാർഡ് തുക വകയിരുത്തി ആകെ 9,21,348/- രൂപയുടെ തെരുവുവിളക്കുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ശരിയായവിധം ഉൾപ്പെടുത്തി രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. കേരളാ ഫിനാൻഷ്യൽ കോഡ് -വാല്യം I, 149 പ്രകാരം ഓഫീസ് തലവനോ ചുമതലപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി സൂക്ഷിക്കേണ്ടതാണ്. സാധനങ്ങൾ ഇഷ്യു ചെയ്യുന്ന മുറക്ക് സ്റ്റോക്കിൽ കുറവ് വരുത്തി യാഥാർത്ഥ നീക്കിയിരിപ്പും, സ്റ്റോക്ക് രജിസറ്ററിലെ നീക്കിയിരിപ്പും എല്ലായ്പ്പോഴും തുല്യമാണെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുണ്ട്. സ്റ്റോക്കിലെടുത്ത സാധന സാമഗ്രികൾ നഷ്ടപ്പെടാത്തവിധം സ്റ്റോക്ക് രജിസറ്റർ പരിപാലിക്കേണ്ട ഉത്തരവാദിത്തവും ഈ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. എന്നാൽ അപ്രകാരമുള്ള നിയമപരമായ ഉത്തരവാദിത്തം പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിൽ ചുവടെപ്പറയുന്ന അപാകതകൾ നിലനില്ക്കുന്നു.

1)രജിസ്റ്ററിൽ ഇൻഡക്സ് തയ്യാറാക്കി,സാധനങ്ങളിൽ ഓരോ ഇനത്തിനും പ്രത്യേകം പേജുകൾ നല്കി അതത് പേജുകളിൽ സ്റ്റോക്ക് എൻട്രി വരുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിന്റെ ഏതെല്ലാം പേജുകളിലായി ഉൾപ്പെടുത്തിയിരുക്കുന്നു എന്നതിൽ വ്യക്തതയില്ല. ഉദാഹരണമായി ഇലക്ട്രോണിക്ക് ചോക്ക് എന്ന ഇനം ആകെ എത്ര എണ്ണം തൻവർഷം വാങ്ങി എന്ന് പരിശോധിക്കണമെങ്കിൽ രജിസ്റ്ററിന്റെ മുഴുവൻ പേജുകളും പരിശോധിക്കേണ്ടി വരുന്നു. അപ്രകാരം ലഭിക്കുന്ന കണക്കുകളിലെ കൃത്യത ഉറപ്പിക്കാനുമാകുന്നില്ല.

2. ഇൻവോയ്സ് പ്രകാരം ലഭിക്കുന്ന പല ഇനങ്ങൾ അതത് ഇനം തിരിച്ച് ഓരോ ഇനത്തിനായുമുള്ള പേജുകളിലായി രേഖപ്പെടുത്താതെ അവ ഒരുമിച്ച് ഒരു പേജിലായി രേഖപ്പെടുത്തുന്നു. ഉദാഹരണമായി കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് (26.8.2018 ൽ ലഭിച്ചിട്ടുള്ളത്), ആൽഫാ ഇലക്ട്രോണിക്സ് (A067/9.12.2019 ഇൻവോയ്സ് പ്രകാരം ലഭിച്ചിട്ടുള്ളത്) എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള സാധനങ്ങളുടെ സ്റ്റോക്ക് എന്ട്രി യഥാക്രമം 28, 34ൽ എന്നീ പേജുകളിലായി ഒരുമിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത സാധന സാമഗ്രികൾ ഏത് പ്രോജക്ടിന് വേണ്ടിയുള്ളതാണെന്ന് വ്യക്തമല്ല.

3) സാധനങ്ങൾ ലഭ്യമാകുന്ന മുറക്ക് പ്രോജക്ട് നം.8/19 പ്രകാരമുള്ള തെരുവ് വിളക്ക് പുനരുദ്ധാരണവുമായി ബന്ധപ്പെട്ടുള്ള കരാറുകാരന് മുഴവനായി ഇഷ്യൂ ചെയ്യുന്നതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നം.162/19 പ്രകാരം വാങ്ങിയ 521358 രൂപയുടെ സാധനങ്ങളും (സ്റ്റോക്ക് രജിസ്റ്റർ പേജ് നം.1), 26.8.19ൽ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം സപ്ലൈ ചെയ്ത സാധനങ്ങളും (സ്റ്റോക്ക് രജിസ്റ്റർ പേജ് നം.28- Retrofit bulb-700nos, 36V tube light -1000nos, side holder-500nos,pendant holder-500nos, insulation tape-500, Aluminium wire-50) മനോജ്.എൻ എന്ന കരാറുകാരൻ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപ്രകാരം കൈമാറിയ സാധന സാമഗ്രികളുടെ സ്റ്റോക്ക് മോണിട്ടറിംഗ് എപ്രകാരമാണ് പഞ്ചായത്ത് നിർവഹിക്കുന്നത്എന്നതിൽ വ്യക്തതയില്ല. കൈപ്പറ്റിയ മുഴുവൻ തെരുവ് വിളക്കുകളും അനുബന്ധഉപകരണങ്ങളും പഞ്ചായത്ത് പ്രദേശത്ത് ഉപയോഗിച്ചിട്ടുണ്ടോ, എത്ര ബാക്കിയുണ്ട്, ബാക്കിവന്നവ പഞ്ചായത്തിന് കൈമാറുന്നുണ്ടോ എന്നീ വിവരങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. കരാറുകാരനുമായുള്ള എഗ്രിമെന്റിൽ തെരുവ് വിളക്ക് പരിപാലനത്തിന് പഞ്ചായത്ത് സപ്ലൈ ചെയ്യുന്ന സാധനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെട്ടിട്ടുമില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/26.2.20) മറുപടി ലഭ്യമാക്കിയില്ല.

4. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി പീരിയോഡിക്കൽ റിവ്യൂനടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. 3.12.2018 ൽ തിരുവനന്തപുരം നന്ദനം ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്ന് ഇൻവോയ്സ് 2893പ്രകാരവും(തുക രേഖപ്പെടുത്തിയിട്ടില്ല), 9.12.2019 ൽ ആൽഫാ ഇലക്ട്രിക്കൽസിൽ (ഇൻവോയ്സ് നം, തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല) നിന്നും ലഭ്യമായിട്ടുള്ള സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്റർ പേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നുണ്ട്. എന്നാൽ ഭൗതിക പരിശോധനയിൽ സ്റ്റോക്ക് രജിസറ്ററും, യഥാർത്ഥ സ്റ്റോക്കിലും പൊരുത്തക്കേട് കണ്ടെത്തി. സ്റ്റോക്കിലുള്ള കുറവ് കൃത്യമായി സ്റ്റോക്ക് രജിസറ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വ്യത്യാസം ക്രമപ്പെടുത്തുന്നതിന് ആസ്പദമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഗുരുതരമായി ഓഡിറ്റ് വീക്ഷിക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള "കണക്കുകൾ രേഖകൾ തയ്യാറാക്കൽ ഭരണം മെച്ചപ്പെടുത്തൽ" വർക്കിംഗ് ഗ്രൂപ്പ് മേൽപ്പറഞ്ഞ പ്രോജക്ടുകൾ മോണിട്ടറിംഗ് നടത്തിയിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ഇടപടലുകൾ നടത്തേണ്ടതുണ്ട്. സർക്കാർ മാർഗ നിർദ്ദേശ പ്രകാരം തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കേണ്ടതും അടുത്ത ഓഡിറ്റ് വേളയിൽ പരിശോധനക്ക് ഹാജരാക്കേണ്ടതും ആണ്.

പ്രോജക്ട് നം.162/19 പ്രകാരം തിരുവനന്തപുരം നന്ദനം ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്ന് വാങ്ങിയ 521358/- രൂപയുടെ (ബിൽ നം.7/18-19, തീയതി:18.9.18) സാധനസാമഗ്രികൾ കരാറുകാരൻ എപ്രകാരം വിനിയോഗിച്ചു

എന്നത് സംബന്ധിച്ച പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട്, പ്രോജക്റ്റ് നം.138/19 പ്രകാരം വാങ്ങിയിട്ടുള്ള 3,99,990/- രൂപയുടെ (ബിൽ നം.8/18-19 തുക 74200/-,18.9.2018; 14/18-19,14.3.2019 തുക 288790/- 17/18-19, 14.3.2019) സാധന സാമഗ്രികളുടെ വിനിയോഗവിവരം, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്ത സ്റ്റോക്ക് രജിസറ്റർ എന്നിവ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 921348/- രൂപ തടസ്സപ്പെടുത്തുന്നു.

ii) തെരുവ് വിളക്ക് പരിപാലനം-സാധനങ്ങൾ വാങ്ങുന്നതിന് വാർഷിക ആവശ്യകതാ നിർണയം നടത്തേണ്ടത് അനിവാര്യം

സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 6.1 പ്രകാരം ആവശ്യകതാ നിർണ്ണയം നടത്താതെയാണ് തൻവർഷം തെരുവ് വിളക്ക് പരിപാലനത്തിനായുള്ള വാങ്ങലുകൾക്കായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തി വേണം ആവശ്യകതാ നിർണയം നടത്തേണ്ടത്. സർക്കുലർ നമ്പർ 3055/ഡിഎ/3/11 തീയതി 15.9.2011, ഖ.2(ബി) പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിരിക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് കരാർ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തെരുവു വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/25.2.2020) മറുപടി ലഭ്യമാക്കിയില്ല. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി തൻവർഷം രൂപീകരിച്ച പ്രോജക്ടുകളുടെ ആവശ്യകതാ നിർണയം എപ്രകാരമാണ് നടത്തിയിരിക്കുന്നത് എന്ന് വ്യക്തമല്ല. ആകെ എത്ര രൂപയുടെ സാധനങ്ങൾ ഉപയോഗിച്ച എത്ര ബാക്കിയുണ്ട് എന്ന വിവരം കോൺട്രാക്ടർ പഞ്ചായത്തിൽ അറിയിച്ചിട്ടില്ല. മേൽപ്പറഞ്ഞ വിവരം പഞ്ചായത്തിലും ലഭ്യമല്ല .

മേൽ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

# 1-37 അംഗീകാരം നേടുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നില്ല

സ്പിൽ ഓവർ ഉൾപ്പെടെ ആകെ 92 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി തൻവർഷം അംഗീകാരം വാങ്ങിയെങ്കിലും 57 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തികളുടെ മൊത്തം അടങ്കൽ തുകയായി 4,53,55,396/-രൂപ വകയിരുത്തിയതിൽ 47% തുകയായ 2,13,61,282/-രൂപ മാത്രമേ ചെലവാക്കാനായുള്ളൂ. പദ്ധതി പണം പാഴാകാതിരിക്കാൻ വകയിരുത്തുന്ന ഫണ്ടുകളുടെ പൂർണമായ വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

സ്പിൽ ഓവർ പദ്ധതികൾ അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല

ജി.ഒ.(എം.എസ്) 72/2017/ത.സ്വ.ഭ.വ. തീയതി 29-3-2017, പദ്ധതി മാർഗരേഖ ഖണ്ഡിക6.8(2) ൽ സ്പിൽ ഓവറാകുന്ന പദ്ധതികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. മാത്രമല്ല സ്പിൽ ഓവർ പദ്ധതികൾ അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുമില്ല (അവലംബം - ഓഡിറ്റ് എൻക്വയറി നം.13/26-02-2020 നല്ല മറുപടി)

| ക്രമ നം | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | പൂർത്തീകരിക്കാത്തതിന്റെ കാരണം | 2019-20 ൽ ഉൾപ്പെടുത്തിയതിന്റെ |
|---|---|---|---|---|---|

| | | | | | വിവരം |
|---|---|---|---|---|---|
| 1 | SO 178/19 | ഫാർമസി ചാവർകോട് കാഞ്ഞിരം പോയ്ക റോഡ് മെയിന്റനൻസ് | 500000 (റോഡ് മെയിന്റനൻസ്) | ക്യൂ ബിൽ | ക്യൂ ബിൽ |
| 2 | SO 182/19 | ഇടമൺനില പോരേടം മുക്ക് കോളനി റോഡ് മെയിന്റനൻസ് | 700000 (റോഡ് മെയിന്റനൻസ്) | ക്യൂ ബിൽ | ക്യൂ ബിൽ |
| 3 | SO 186/19 | പോസ്റ്റോഫീസിൽ കുന്നിൽ റോഡ് മെയിന്റനൻസ് | 250000 ധനകാര്യ കമ്മീഷൻ അവാർഡ്) | കരാറുകാരൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ SD തുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനും കരാറുകാരനെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു | 2019-20 ൽ ഉൾപ്പെടുത്തിയില്ല |
| 4 | SO 193/19 | എം ആർ എഫ് നിർമാണം | 1350000 (350000 വികസനഫണ്ട്, 1000000ധനകാര്യ കമ്മീഷൻ അവാർഡ് തുക) | നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല | 2019-20 ൽ ഉൾപ്പെടുത്തിയില്ല |
| 5 | SO 194/19 | വിടയത്ത് ലക്ഷം വീട് കോളനി കിണർ മെയിന്റനൻസ് | 50000 (ധനകാര്യ കമ്മീഷൻ അവാർഡ്) | ക്യൂ ബിൽ | ക്യൂ ബിൽ |
| 6 | SO 195/19 | ഗവ. എൽ.പി.എസ് നാവായിക്കുളം മലിന ജല സംസ്കരണം | 150000 (വികസനഫണ്ട്) | പ്രവൃത്തി പി ടി എ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി | 2019-20 ൽ ഉൾപ്പെടുത്തിയിട്ടില്ല |
| 7 | SO 198/19 | വി.വി.യു.പി.എസ് മരുതിക്കുന്ന് ശുചിമുറി നിർമാണം | 130000 ( വികസനഫണ്ട്) | സ്കൂൾ മാനേജ്മെന്റും പി ടി എ യും തമ്മിൽ കേസ് നിൽക്കുന്നതിനാൽ ഹൈക്കോടതി പുതിയ നിർമാണം സ്റ്റേ ചെയ്തിരിക്കുന്നു | 2019-20 ൽ ഉൾപ്പെടുത്തിയിട്ടില്ല |
| 8 | SO 199/19 | പുന്നോട് - പുളിയറ റോഡ് ഓട നിർമാണം | 359369 (200000 വികസനഫണ്ട്, 159369ധനകാര്യ കമ്മീഷൻ അവാർഡ്) | അതിർത്തി തർക്കം നിലനിന്നിരുന്നതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല | 2019-20 ൽ ഉൾപ്പെടുത്തിയിട്ടില്ല |
| 9 | SO 200/19 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ രണ്ടാം ഘട്ടം | 700000 (ധനകാര്യ കമ്മീഷൻ അവാർഡ്) | ക്യൂ ബിൽ | ക്യൂ ബിൽ |

മേൽ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ പതിയേണ്ടതാണ്.

## 1-38 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - എർത്ത് ഫില്ലിംഗ് നിർവഹണം ഉറപ്പ് വരുത്തൽ - ഇനം

# എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണം

2018-19 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവഹണത്തിൽ നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ " Excavation in soil by means with lead upto 50 m Excavation for roadway in soil using manual means for carrying of cut earth to embankment site with a lift upto 1.5m and lead upto 50m as per technical specification clause 302.3"എന്ന ഇനത്തിൽ മണ്ണ് കുഴിച്ചെടുക്കുന്നുണ്ട്. കുഴിച്ചെടുക്കുന്ന മണ്ണ് berm filling, filling the lower portion for the road എന്നിവയ്ക്കായി ഉപയോഗിക്കുന്നുവെന്ന് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫില്ലിംഗിനായി എത്ര അളവ് മണ്ണാണ് ഓരോ ഇനം പ്രവൃത്തിക്കും ഉപയോഗിക്കുന്നതെന്ന് സംബന്ധിച്ച് വ്യക്തമായ രേഖപ്പെടുത്തലുകൾ ഇല്ല. മാത്രമല്ല റോഡ് കോൺക്രീറ്റ് പ്രവൃത്തികളിലൊന്നും തന്നെ berm filling, filling the lower portion for the road ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമാണ്. കുഴിച്ചെടുക്കുന്ന മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കുന്നത് സംബന്ധിച്ച് അവ്യക്തതയുണ്ട്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര്, നമ്പർ | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് | റിമാർക്സ് |
|---|---|---|---|
| 1 | പൈവേലിക്കോണം കാഷ്യു ഫാക്ടറി (SO184/19) | 67.822$m^3$ | കുഴിച്ചെടുത്ത മണ്ണ് ബേം ഫില്ലിംഗിന് ഉപയോഗിച്ചതായി എംബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു |
| 2 | പറകുന്ന് മേക്കോണം റോഡ് കോൺക്രീറ്റിംഗ് (SO 183/19) | 65.847$m^3$ | കുഴിച്ചെടുത്ത മണ്ണ് റോഡിന്റെ താഴ്ഭാഗം ഫില്ല് ചെയ്യുന്നതിനായി ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു |
| 3 | ചിറ്റായിക്കോട് പുന്നവിള റോഡ് കോൺക്രീറ്റിംഗ് ( SO81/19) | 48.133$m^3$ | കുഴിച്ചെടുത്ത മണ്ണ് ബേം ഫില്ലിംഗിന് ഉപയോഗിച്ചതായി എംബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു |

ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/28-02-2020) വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ കുഴിച്ചെടുക്കുന്ന മണ്ണാണ് സൈഡ് ബേം ചെയ്യുന്നതിനും റോഡിന്റെ താഴ്ന്ന ഭാഗം ഫിൽ ചെയ്യുന്നതിനും ഉപയോഗിക്കുന്നതെന്നും ഇത് ബില്ലിൽ രേഖപ്പെടുത്തുകയോ തുക നൽകുകയോ ചെയ്യുന്നില്ലായെന്നും മറുപടി ലഭ്യമാക്കി. എന്നാൽ പ്രസ്തുത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ കുഴിച്ചെടുക്കുന്ന മണ്ണ് ഫില്ലിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ചോ എന്നും കൃത്യമായും എത്ര അളവാണ് ഉപയോഗിച്ചതെന്നും ഉറപ്പ് വരുത്താൻ കഴിയുകയുള്ളൂ. ഭാവിയിൽ ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹണം നടത്തേണ്ടതാണ്.

# 1-39 പ്രവൃത്തി ഏറ്റെടുക്കാത്ത കരാറുകാരനിൽ നിന്നും ഇ എം ഡി മുതൽക്കൂട്ടിയില്ല

ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ നിർവഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ ഗിഫ്റ്റൻ കെ വർഗീസ്, എലിം അസോസിയേറ്റ്സ് & കൺസ്ട്രക്ഷൻ എന്ന കരാറുകാരന് 2-7-18 ൽ സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും സ്ഥലം ഏറ്റെടുത്തില്ല. തുടർന്ന് രണ്ടാമത്തെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ പി വി വിജയകുമാർ എന്ന കരാറുകാരന് പ്രവൃത്തി അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് പേര്, നം | അടങ്കൽ തുക | കരാർ തുക |
|---|---|---|---|
| 1 | പുന്നവിള കോടലിൽ റോഡ് കോൺക്രീറ്റിംഗ് | 800000 | 588566.13/- |

| | | | |
|---|---|---|---|
| | ( SOO86/19 | | രൂപ |
| 2 | പുന്നോട് കുന്നിൻ ചിറയിൽ പുളിയററോഡ് കോൺക്രീറ്റിംഗ് ( SOO92/19) | 800000 | 674402.23/- രൂപ |
| 3 | മാടൻകാവ് കറ്റവെട്ടി കൊച്ചുകോണം റോഡ് കോൺക്രീറ്റിംഗ് ( SOO72/19) | 800000 | 674399/- രൂപ |

സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ കരാറുകാരനായ ശ്രീ ഗിഫ്റ്റൻ കെ വർഗീസ് നിശ്ചിത സമയപരിധിക്കകം കരാർ വയ്ക്കാത്തതിനാൽ ദർഘാസ് റദ്ദ് ചെയ്യേണ്ടതും അടങ്കൽ തുകയുടെ 2.5% തുകയായി പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ള ഇ എം ഡി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമായിരുന്നു. കരാറുകാരനിൽ നിന്നും ഇ എം ഡി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/26-02-2020) പ്രസ്തുത ഇ ടെണ്ടർ പ്രവ്യത്തികളുടെ ഇ എം ഡി റിലീസ് ചെയ്തിട്ടില്ലായെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ട് ഐ. കെ. എം. ഉം ആയുള്ള മാപ്പിംഗ് നടപടികൾ നടക്കുന്നതിനാൽ നടപടികൾ പൂർത്തീകരിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ തുക ഒടുക്ക് വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-40 നാവായിക്കുളം മുസ്ലിം എൽ പി എസ് ഡൈനിംഗ് ഹാൾ - പ്രവർത്തന സജ്ജമാക്കണം

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | SO 127/19, നാവായിക്കുളം മുസ്ലിം എൽ പി എസ് ഡൈനിംഗ് ഹാൾ നിർമാണം |
| അടങ്കൽ തുക | 400000 |
| ചെലവ് | 385885/-രൂപ |
| ബിൽ നമ്പർ/ തീയതി | 35/19-11-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

നാവായിക്കുളം മുസ്ലിം എൽ പി എസ് സ്കൂൾ കെട്ടിടത്തിന്റെ ടെറസ്സിൽ ബ്രിക്ക് വർക്ക് നടത്തിയും ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റും പാകി ഡൈനിംഗ് ഹാൾ നിർമിച്ചിട്ടുണ്ട്. പ്രസ്തുത നിർമാണവുമായി ബന്ധപ്പെട്ട് 28-02-2020ൽ എഞ്ചിനീയറിംഗ് വിഭാഗവുമായി ചേർന്ന് നടത്തിയ സ്ഥലപരിശോധനയിൽ ഡൈനിംഗ് ഹാൾ നാളിതുവരെയായും പ്രവർത്തന സജ്ജമായിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു. തറയിൽ ടൈൽ പാകൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തി ആവശ്യത്തിന് ഫർണിച്ചറും മറ്റും സജ്ജമാക്കിയെങ്കിൽ മാത്രമേ ഡൈനിംഗ് ഹാൾ ആയതിന്റെ ആവശ്യത്തിലേക്കായി ഉപയോഗിക്കാൻ കഴിയുകയുള്ളൂ. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/29-02-2020) ഡൈനിംഗ് ഹാളിന് 2019-20 ൽ മൂന്ന് ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഇതിൻപ്രകാരം ഗ്രിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫ്ലോറിംഗ് വർക്ക് ഉടൻ തന്നെ പൂർത്തീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചും ആവശ്യത്തിന് ഫർണിച്ചർ ഒരുക്കിയും ഡൈനിംഗ് ഹാൾ പ്രവർത്തന സജ്ജമാക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

# 1-41 പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ രേഖകളും പഞ്ചായത്ത് കമ്മിറ്റി മിനിട്സുകളും പരിശോധിച്ചതിൽ നടപ്പിലാക്കിയ 96 പ്രോജക്ടുകളിൽ 18 എണ്ണത്തിന്റെ (19% പ്രോജക്ടുകൾ) ചില ഇനങ്ങൾ ഒഴിവാക്കേണ്ടതാണെന്നുള്ള എ ഇ യുടെ കത്തിന്റെ അടിസ്ഥാനത്തിൽ ചില ഇനങ്ങൾ ഒഴിവാക്കിയും ചില ഇനങ്ങൾ ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് തുകയിൽ നിർത്തിക്കൊണ്ട് പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ട്.

പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പ്രോജക്ട് റിവിഷൻ സംബന്ധിച്ച ജനറൽ കമ്മിറ്റി തീരുമാനം |
|---|---|---|
| 1 | കിഴക്കനേല എൽ പി എസ് ഓഡിറ്റോറിയം നിർമാണം | 17-8-2018 ലെ 1(12)തീരുമാനം |
| 2. | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമാണം | 17-8-2018 ലെ 1(12)തീരുമാനം |
| 3. | വെട്ടിയറ എൽ പി എസ് ടോയ്ലറ്റ് നിർമാണം | 17-8-2018 ലെ 1(12)തീരുമാനം |
| 4. | ഗവ. എൽ പി എസ് നാവായിക്കുളം ഡൈനിംഗ് ഹാൾ നിർമാണം | 17-8-2018 ലെ 1(12)തീരുമാനം |
| 5. | പ്ലാച്ചിവട്ടം കോളനി റോഡ് കോൺക്രീറ്റിംഗ് | 17-8-2018 ലെ 1(12)തീരുമാനം |
| 6. | കുന്നിക്കോട് ആല്യംകുന്ന് റോഡ് കോൺക്രീറ്റിംഗ് | 17-8-2018 ലെ 1(12)തീരുമാനം |
| 7. | ഗവ. മുസ്ലിം എൽ പി എസ് ടോയ്ലറ്റ് നിർമാണം | 17-8-2018 ലെ 1(12)തീരുമാനം |
| 8. | ഗവ. മുസ്ലിം എൽ പി എസ് ഡൈനിംഗ് ഹാൾ നിർമാണ | 17-8-2018 ലെ 1(12)തീരുമാനം |
| 9. | പി എച്ച് സി മെയിന്റനൻസ് | 22-10-2018 ലെ 1(3) തീരുമാനം |
| 10. | വെട്ടിയറ എൽ പി എസ് കിണർ മെയിന്റനൻസ് | 22-10-2018 ലെ 1(3) തീരുമാനം |
| 11 | ചിറ്റായിക്കോട് സബ്സെന്റർ നിർമാണം | 22-10-2018 ലെ 1(3) തീരുമാനം |
| 12 | അംഗനവാടി നവീകരണം | 22-10-2018 ലെ 1(3) തീരുമാനം |
| 13 | കുടവൂർ എൽ പി എസ് ഡൈനിംഗ് ഹാൾ | 14-1-2019 ലെ 2(8) തീരുമാനം |
| 14 | ഹോമിയോ ഹോസ്പിറ്റൽ ടോയ്ലറ്റ് നിർമാണം | 14-1-2019 ലെ 2(8) തീരുമാനം |
| 15 | മൃഗാശുപത്രി മെയിന്റൻസ് | 14-1-2019 ലെ 2(8) തീരുമാനം |
| 16 | ഗവ. എൽ പി എസ് ശുചിമുറി നിർമാണം | 14-1-2019 ലെ 2(8) തീരുമാനം |
| 17 | പുന്നവിള കോടലിൽ റോഡ് കോൺക്രീറ്റിംഗ് | 14-1-2019 ലെ 2(8) തീരുമാന |
| 18 | വഞ്ചിമുക്ക് പത്തനാപുരം റോഡ് മെയിന്റൻസ് | 23-02-2019 ലെ<br>3(1) തീരുമാനം |

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/28-02-2020) പ്രോജക്ടുകളുടെ ബാഹുല്യം കാരണം ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കുറച്ച് സമയം മാത്രമേ ലഭിക്കാറുള്ളൂവെന്നും വിശദമായ സാങ്കേതിക പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ പലപ്പോഴും സാധിക്കാറില്ലയെന്നും സ്കൂളുകൾ, സർക്കാർ ഓഫീസ് എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മേധാവിക്കും നിർമാണ സമയത്ത് പലപ്പോഴും ബന്ധപ്പെട്ട കമ്മിറ്റിക്കും മാറ്റമുണ്ടാകും എന്ന് മറുപടി നൽകി. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 2012 PWD Manual ഖണ്ഡിക 1601.1.1ലെ നിർദേശങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ പാലിച്ചും കാണുന്നില്ല.

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിക്കുമ്പോൾ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടിയിരുന്നു. എന്നാൽ സപ്ലിമെന്ററി കരാറിൽ ഏർപ്പെടാതെയാണ് കരാറുകാർ പ്രവൃത്തി

നിർവഹണം നടത്തിയിട്ടുള്ളത്. ആയത് കരാർ വ്യവസ്ഥകളുടെ ലംഘനമായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങളും സർക്കുലറുകളും പാലിച്ചുകൊണ്ട് പ്രവൃത്തി നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-42 തെരുവ് നായകളുടെ വന്ധ്യംകരണം - അപാകതകൾ

പ്രോജക്ട് നം.27/19 (തെരുവ് നായകളുടെ വർദ്ധനവ് തടയൽ)

നിർവ്വഹണം: വെറ്റിനറി സർജൻ

a) പദ്ധതി പ്രകാരം 2,10,000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും ബിൽ നം. 1/25.09.2018 പ്രകാരം തുക വിനിയോഗിച്ചിട്ടുമുണ്ട്. എന്നാൽ പ്രസ്തുത തുക 15.05.2019 ന് കുടുംബശ്രീ മിഷന് ലഭിച്ചതായും അന്നേ ദിവസംതന്നെ പ്രസ്തുത തുക പൂർണ്ണമായും ഉപയോഗിച്ചതായുമുള്ള ധനവിനിയോഗ സാക്ഷ്യപത്രവും നൽകിയതായും രേഖകൾ പ്രകാരം കാണുന്നു (2388/E3/2016/KSTVM കത്ത് പ്രകാരം). തുക ലഭിച്ച ദിവസം തന്നെ 100 നായകളെ വന്ധ്യകരിച്ചതെങ്ങനെയാണെന്ന് വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31) മറുപടി ലഭ്യമാക്കിയില്ല.

b) രേഖകൾ പ്രകാരം സ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പ്, മണമ്പൂർ 25.03.2019 മുതൽ 05.05.2019വരെ 100 തെരുവ് നായകളെ പിടിച്ച് വന്ധീകരിച്ചതായി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>നായ്ക്കളെ പിടിച്ച തീയതി</th><th>വന്ധീകരിച്ച തീയതി</th><th>തിരികെ വിട്ട തീയതി</th><th>സൂക്ഷിച്ച ദിവസങ്ങൾ</th><th>നായ്ക്കളുടെ എണ്ണം</th><th>പിടിച്ച സ്ഥലം</th><th>തിരികെ വിട്ട സ്ഥലം</th></tr>
<tr><td>25.03.2019</td><td>26.03.2019</td><td>29.03.2019</td><td>3</td><td>ആൺ- 10<br>പെൺ- 15</td><td rowspan="5">രേഖപ്പെടുത്തിയിട്ടില്ല</td><td rowspan="5">രേഖപ്പെടുത്തിയിട്ടില്ല</td></tr>
<tr><td>29.03.2019</td><td>30.03.2019</td><td>02.04.2019</td><td>3</td><td>ആൺ- 8<br>പെൺ- 15</td></tr>
<tr><td>02.03.2019</td><td>03.04.2019</td><td>11.04.2019</td><td>30 (പിടിച്ച തീയതി വന്ധീകരിച്ച് തിരികെ വിട്ട തീയതി വരെ)</td><td>ആൺ- 4<br>പെൺ- 16</td></tr>
<tr><td>15.04.2019</td><td>16.04.2019</td><td>21.04.2019</td><td>5</td><td>ആൺ- 12<br>പെൺ- 15</td></tr>
<tr><td>30.04.2019</td><td></td><td colspan="3"></td></tr>
</table>